## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെ നടപടിക്രമം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് യോഗ്യരായവരുടെ അന്തിമ സീനിയോറിറ്റി പട്ടിക പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം :
1. ഈ ഓഫീസിലെ 7.3.2015ലെ ഇതേ നമ്പർ ഉത്തരവ്
2. ഈ ഓഫീസിലെ 7.12.2015, 10.3.2017, 16.5.2017, 23.6.2017, 21.10.2017, 8.2.2018, 23.2.2018 തീയതികളിലെ ഇതേ നമ്പർ കത്തുകൾ
3. കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 21.1.2017ലെ ഇ2/4503/14/എം.സി.കെ. നമ്പർ കത്തും അതോടൊപ്പം ലഭ്യമായ ശ്രീ.അനിൽ കുമാർ.റ്റി., ഓഫീസ് അറ്റൻഡന്റിന്റെ അപേക്ഷയും
4. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 14.7.2017ലെ ഇ6/6822/2015/റ്റി.ഡി.എം.സി.എ. നമ്പർ കത്ത്
5. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 10.11.2017ലെ ഇ5/6669/2014/എം.സി.സി. നമ്പർ കത്ത്
6. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 13.11.2017ലെ ഇ.എൻ.4/5129/2016/എം.സി.റ്റി. നമ്പർ കത്ത്
7. തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 24.12.2017ലെ ഇ3/6980/2016/മെ.കോ.തൃ നമ്പർ കത്ത്
8. ഈ ഓഫീസിലെ 2.2.2018ലെ ഇതേ നമ്പർ ഉത്തരവും അതോടൊപ്പം പ്രസിദ്ധീകരിച്ച കരട് സീനിയോറിറ്റി പട്ടികയും
9. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 15.2.2018ലെ ഇ.എൻ.4/5129/2015/എം.സി.റ്റി. നമ്പർ കത്തും അതോടൊപ്പം ലഭ്യമായ ശ്രീമതി ജലജകുമാരി, ടെലഫോൺ ഓപ്പറേറ്ററുടെ അപേക്ഷയും
10. ശ്രീമതി ലിസ്സി.ടി.സി., ക്ലറിക്കൽ അറ്റൻഡർ, മെഡിക്കൽ കോളേജ്, തൃശൂർ 16.2.2018 തീയതിയിൽ സമർപ്പിച്ച അപേക്ഷ
11. ശ്രീമതി സുഹാസിനി എൻ.പി., ഹോസ്പിറ്റൽ അറ്റൻഡർ, മാതൃശിശു സംരക്ഷണ കേന്ദ്രം, കോഴിക്കോട് 23.2.2018 തീയതിയിൽ സമർപ്പിച്ച അപേക്ഷ
12. ഈ ഓഫീസിലെ 28.7.2018ലെ ഇതേ നമ്പർ നോട്ടീസും അതോടൊപ്പം പ്രസിദ്ധീകരിച്ച പരിഷ്കരിച്ച കരട് സീനിയോറിറ്റി പട്ടികയും
13. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 10.8.2018ലെ ഇ.എൻ.1/22432/2018/ജി.എം.സി.റ്റി.നമ്പർ കത്തും അതോടൊപ്പം ലഭ്യമായ ശ്രീമതി രാജി.ഡി, ഓഫീസ് അറ്റൻഡന്റിന്റെ അപേക്ഷയും
14. ഈ ഓഫീസിലെ 19.9.2018ലെ ഇതേ നമ്പർ നോട്ടീസും അതോടൊപ്പം പ്രസിദ്ധീകരിച്ച പരിഷ്കരിച്ച കരട് സീനിയോറിറ്റി പട്ടികയും

15. ഈ ഓഫീസിലെ 5.12.2018ലെ ഇതേ നമ്പർ നോട്ടീസും അതോടൊപ്പം പ്രസിദ്ധപ്പെടുത്തിയ പരിഷ്കരിച്ച കരട് സീനിയോറിറ്റി പട്ടികയും

**ഉത്തരവ് നമ്പർ ഇ5/6666/2014/മെ.വി.കാ.തീയതി 16.1.2019**

എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, യോഗ്യരായവരെ തെരഞ്ഞെടുത്ത് ജില്ലാതലത്തിൽ അപേക്ഷകരുടെ അന്തിമ സീനിയോറിറ്റി പട്ടിക തയ്യാറാക്കി ആയത് തുടർനടപടികൾക്കായി മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലേയ്ക്ക് കൈമാറുന്നതിന് പരാമർശം (1) പ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇത് സംബന്ധിച്ച് വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നും ലഭ്യമായ പട്ടികകളിൽ, നിശ്ചിത യോഗ്യതകൾ ഇല്ലാത്തവരെ ഉൾപ്പെടുത്തിയിരുന്നതിനാൽ പട്ടികകൾ പുനഃപരിശോധിച്ച് നിശ്ചിത യോഗ്യതാമാനദണ്ഡങ്ങൾ ഉള്ളവരെ മാത്രം ഉൾപ്പെടുത്തി പുതുക്കിയ പട്ടിക ലഭ്യമാക്കണമെന്നും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവ് വിവരങ്ങൾ അറിയിക്കണമെന്നും പരാമർശം (2) മുഖേന നിർദ്ദേശം നൽകിയതിനെത്തുടർന്ന് തസ്തികമാറ്റ നിയമനത്തിന് യോഗ്യരായവരുടെ പട്ടികകൾ പരാമർശം 3 മുതൽ 7 വരെ കത്തുകളിലൂടെ ലഭ്യമാവുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം സംസ്ഥാനതല കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച് പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ആയത് 2018 ഫെബ്രുവരി മാസം 20നു മുൻപായി ഡയറക്ടറേറ്റിൽ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിരുന്നു. പരാമർശം 9, 10, 11 പ്രകാരം ലഭ്യമായ മൂന്ന് അപ്പീലുകൾ വിശദമായി പരിശോധിച്ചു.

- പരാമർശം (8) കരട് സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ (8), ശ്രീമതി ലിസ്സി.ടി.സി., ക്ലറിക്കൽ അറ്റൻഡർ തസ്തികയിലെ ജോലി പ്രവേശന തീയതിയിൽ മാറ്റമുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാരിയുടെ ജോലി പ്രവേശനത്തീയതി 18.8.2017 എന്നതിനുപകരം 20/8/2017 ആയി തിരുത്തുന്നു.
- ശ്രീമതി സുഹാസിനി.എൻ.പി, ഹോസ്പിറ്റൽ അറ്റൻഡർ, മാതൃശിശുസംരക്ഷണ കേന്ദ്രം, കോഴിക്കോട് തസ്തികമാറ്റ നിയമന ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം (11) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി സുഹാസിനി, യഥാസമയം തസ്തികമാറ്റത്തിനായി അപേക്ഷിച്ചിരുന്നുവെന്ന് വ്യക്തമായതിനെത്തുടർന്ന് ടിയാരിയുടെ യോഗ്യതകൾ പരിശോധിച്ച്, ആയത് തൃപ്തികരമായതിനാൽ ശ്രീമതി സുഹാസിനി എൻ.പി.യെ ക്രമ നമ്പർ (1) ആയി ഉൾപ്പെടുത്തി പരാമർശം (12) പ്രകാരം കരട് സീനിയോറിറ്റി പട്ടിക പരിഷ്കരിച്ചിരുന്നു.

- ശ്രീമതി രാജി.ഡി, ഓഫീസ് അറ്റൻഡന്റ്, മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, തന്നെ തസ്തികമാറ്റ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം പരാമർശം (13) പ്രകാരം നൽകിയ പരാതി വിശദമായി പരിശോധിച്ചു. ശ്രീമതി രാജി.ഡി, യഥാസമയം തസ്തികമാറ്റത്തിനായി അപേക്ഷിച്ചിരുന്നുവെന്ന് വ്യക്തമായതിനെത്തുടർന്ന് ടിയാരിയുടെ യോഗ്യതകൾ പരിശോധിക്കുകയും തസ്തികമാറ്റ നിയമനത്തിനായുള്ള നിശ്ചിത യോഗ്യതകൾ, ശ്രീമതി രാജി.ഡി, കരസ്ഥമാക്കിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ ക്രമ നമ്പർ (14) ആയി ഉൾപ്പെടുത്തി കരട് സീനിയോറിറ്റി പട്ടിക പരാമർശം (14) പ്രകാരം പരിഷ്കരിച്ചിരുന്നു.
- തസ്തികമാറ്റ നിയമനം സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിന്റെ തീയതിയായ 7.3.2015നു മുൻപായി നിശ്ചിത യോഗ്യതകൾ കരസ്ഥമാക്കിയവരെ മാത്രമാണ് തസ്തികമാറ്റത്തിനായി പരിഗണിച്ചിരുന്നത്. എന്നാൽ തസ്തികമാറ്റ നിയമനത്തിനുള്ള നിശ്ചിത ഒഴിവുകൾ പരിഗണിച്ചപ്പോൾ, രണ്ടാമത്തെ ഒഴിവ് 2016-ലാണ് ഉണ്ടായിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഒഴിവുണ്ടാകുന്നതിനു മുൻപ് തന്നെ തസ്തികമാറ്റ നിയമനത്തിനുള്ള നിശ്ചിത യോഗ്യതകൾ കരസ്ഥമാക്കിയ ശ്രീ.അനിൽകുമാർ.റ്റി, ഓഫീസ് അറ്റൻഡന്റ്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം, ശ്രീമതി ജലജകുമാരി.ഡി, ടെലഫോൺ ഓപ്പറേറ്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം എന്നിവരെ സീനിയോറിറ്റി പട്ടികയിൽ യഥാക്രമം (13), (5) എന്ന ക്രമത്തിൽ ഉൾപ്പെടുത്തി കരട് സീനിയോറിറ്റി പട്ടിക പരാമർശം (15) പ്രകാരം പരിഷ്കരിച്ചിരുന്നു.
- പരാമർശം (15) കരട് സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ (2) ശ്രീമതി കുമാരി.ആർ, ജൂനിയർ ലാബ് അസിസ്റ്റന്റ്, കംപ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യത നേടുന്നത് 2017 ഫെബ്രുവരിയിലായതിനാലും, ടിയാരി സർവ്വീസിൽ നിന്ന് വിരമിച്ചതിനാലും ടിയാരിയെ തസ്തികമാറ്റ നിയമന ലിസ്റ്റിൽ പരിഗണിക്കാൻ കഴിയില്ല.
- പരാമർശം (15) കരട് സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ (9) ശ്രീമതി ബീന.കെ., നഴ്സിംഗ് അസിസ്റ്റന്റ്, കംപ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ടിയാരിയെ തസ്തികമാറ്റ നിയമന ലിസ്റ്റിൽ പരിഗണിക്കാൻ കഴിയില്ല.
- പരാമർശം (15) കരട് സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ (13) ശ്രീമതി ബീന.എസ്, ഓഫീസ് അറ്റൻഡന്റ്, ക്രമ നമ്പർ (17) ശ്രീമതി മണികല.എസ്, ഓഫീസ് അറ്റൻഡന്റ്, ക്രമ നമ്പർ (21) ശ്രീമതി ദീപ്തി.പി.എൻ, മാർക്കർ എന്നിവർ മറ്റ് ഉദ്യോഗം നേടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിടുതൽ ചെയ്തതിനാൽ ഇവരേയും തസ്തികമാറ്റ ലിസ്റ്റിൽ പരിഗണിക്കാൻ കഴിയില്ല.

മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും, സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെയും സംസ്ഥാനതല അന്തിമ സീനിയോറിറ്റി പട്ടിക ഇതോടൊപ്പം അനുബന്ധമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്
അബ്ദുൾ മജീദ് കക്കോട്ടിൽ
സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ

ഉള്ളടക്കം: അന്തിമ സീനിയോറിറ്റി പട്ടിക

ബന്ധപ്പെട്ടവർക്ക് (സ്ഥാപനമേധാവി മുഖേന)

പകർപ്പ്:-
1. ഡയറക്ടർ
2. ജോയിന്റ് ഡയറക്ടർ (എം/ജി)
3. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്/ദന്തൽ കോളേജ്/നഴ്സിംഗ് കോളേജ്
   തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശൂർ/ കോഴിക്കോട്/മഞ്ചേരി/ഇടുക്കി/കോന്നി/എറണാകുളം/ കൊല്ലം
4. ഡയറക്ടർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി തിരുവനന്തപുരം
5. ഡി.എം.ഇ. വെബ്സൈറ്റ്
6. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

JR/18.1.2019

E5/6666/2014/DME

Date:16.01.2019

**FINAL SENIORITY LIST OF LAST GRADE SERVANTS ELIGIBILE FOR BYTRANSFER APPOINTMENT IN THE 10% VACANCY OF L.D TYPIST**

| Sl. No | Name | Designation | Present Station | Scale of Pay | Qualification | DOB | Method of Appointment PSC/ Employment | Date of PSC Advice | Date of Appointment Order | Date of Entry in Service in MES |
|---|---|---|---|---|---|---|---|---|---|---|
| 1 | Suhasini N P | Hospital Attender | MCC | 17500-39500 | SSLC, CWP TW Mal(H)& Eng.(H) | 10.02.1964 | Employment Exchange | | 14.01.2003 | 27.01.2003 |
| 2 | Beena L | JLA | MCT | 18000-41500 | SSLC, CWP TW Mal(H)& Eng.(H) | 30.05.1973 | Employment Exchange | | 16.02.2004 | 19.02.2004 |
| 3 | Sajikumar C L | JLA | MCT | 18500-41500 | SSLC, CWP TW Mal(L)& Eng.(H) | 20.05.1974 | Employment Exchange | | 10.05.2005 | 13.05.2005 |
| 4 | Jalajakumari D | Telephone Operator | RIO | 19000-43600 | SSLC, CWP TW Mal(L)& Eng.(H) | 05.04.1968 | PSC | 24.05.2005 | 21.07.2005 | 30.07.2005 |
| 5 | Praveen S S | Lift Operator | MCT | 17000-37500 | PDC, CWP TW Mal(L& H) & Eng.(L& H) | 30.05.1978 | PSC | 02.12.2005 | 13.01.2006 | 25.01.2006 |
| 6 | Lissy T C | FTS | DCC | 16500-35700 | SSLC, CWP TW Mal(L)& Eng.(L) | 12.07.1965 | Employment Exchange | | 14.08.2007 | 20.08.2007 |
| 7 | Harilal S | Lift Operator | MC TSR | 18000-41500 | SSLC, CWP TW Mal(L)& Eng.(L) | 21.04.1987 | PSC | 05.02.2009 | 27.02.2009 | 27.02.2009 |
| 8 | Indira P C | Nursing Asst. | MCC | 17500-39500 | SSLC, CWP TW Mal(H)& Eng.(H) | 28.05.1967 | Employment Exchange | | 01.06.2009 | 10.06.2009 |
| 9 | Sunila P | Nursing Asst. | MCC | 17500-39500 | SSLC, CWP TW Mal(L)& Eng.(H) | 09.01.1972 | Employment Exchange | | 01.06.2009 | 10.06.2009 |
| 10 | Suja V S | FTS | MC KLM | 16500-35700 | SSLC, CWP TW Mal(L) & Eng.(H) | 25.05.1975 | Employment Exchange | | 28.08.2009 | 16.10.2009 |
| 11 | Anilkumar T | Office Attendant | MCK | 16500-35700 | SSLC, CWP TW Mal(L)&H, Eng.(L) | 20.12.1975 | PSC | 16.10.2009 | | 11.11.2009 |
| 12 | Beena S | Office Attendant | DME | 16500-35700 | M.SC, CWP TW Mal(H)& Eng.(H) | 1.05.1974 | PSC | 31.05.2010 | 22.06.2010 | 07.07.2010 |
| 13 | Viswamma K L | Nursing Asst. | MCA | 17500-39500 | SSLC, CWP TW Mal(L)& Eng.(L & H) | 14.02.1968 | Employment Exchange | | | 21.08.2010 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 14 | Raji D | Office Attendant | DME | 16500-35700 | SSLC, CWP TW Mal(L)&(H) Eng.(L & H) | 21.05.1975 | PSC | 23/12/2010 | 17.01.2011 | 24.01.2011 |
| 15 | Layla A | FTS | MCT | 16500-35700 | B.A, CWP , TW Mal( H) &Eng.(H) | 20.05.1970 | Employment Exchange | | 05.01.2012 | 05.01.2012 |
| 16 | Ida Jasmin | Sweeper | MCA | 16500-35700 | PDC, CWP, TW Mal(L & H) & Eng.(L& H) | 28.05.1974 | Employment Exchange | | | 25.11.2013 |
| 17 | Deepa V | Marker | MCT | 17000-37500 | SSLC, CWP, TW Mal(L)& Eng.(H) | 15.05.1977 | PSC | 05.09.2014 | 13.01.2014 | 18.10.2014 |

**SENIOR ADMINISTRATIVE OFFICER**
**DIRECTORATE OF MEDICAL EDUCATION**